സാമൂഹിക പ്രസക്തിയുള്ള കാര്യങ്ങൾ കവിതയ്ക്കും കഥയ്ക്കും വിഷയമല്ലാതായിരിക്കുന്നെന്നും സാംസ്കാരിക പ്രവർത്തകരെ ശിഥിലീകരണത്തിനുള്ള ചട്ടുകമാക്കാനാണു സാമ്രാജ്യത്വ ശക്തികൾ ശ്രമിക്കുന്നെന്നും പിണറായി വിജയൻ അരുന്ധതിറോയി എഴുതിയ 32 പേജുള്ള മാവോയിസ്റ്റുകളെക്കുറിച്ചുള്ള ലേഖനത്തിന് പ്രതികരണമായി പറഞ്ഞതിന് മറുപടി. (മാതൃഭൂമി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്)

# വിജയേട്ടാ, ആര് ആരെയാണു വിൽക്കുന്നത്

കെ.ആർ. മീര

അരാജകത്വം പകർത്താനുള്ള സാമ്രാജ്യത്വ അജൻഡയ്ക്കുവേണ്ടി സ്വയം വിൽപനയ്ക്കു വയ്ക്കുകയാണ് അരുന്ധതി റോയിയെപ്പോലെയുള്ള സാംസ്കാരിക പ്രവർത്തകരെന്നു സി.പി.എം. സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ അഭിപ്രായപ്പെട്ടത് കതിരൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ വി. കെ. പുരസ്കാരം കവി ഏഴാച്ചേരി രാമചന്ദ്രനു സമ്മാനിക്കുന്ന ചടങ്ങിലാണ്. വിജയന് എന്തും പറയാം. നീങ്ങി നിന്നു ചോദിക്കാൻ ആർക്കും ധൈര്യമില്ല.

അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ റിപ്പോർട്ട് ഇങ്ങനെ:"നിയമവിധേയമല്ലാത്ത ചെങ്ങറ സമരത്തിനു പിന്തുണ നൽകാൻ അരുന്ധതി റോയി ഓടിയെത്തി. ഇപ്പോൾ അവർ പിന്തുണയ്ക്കുന്നതു മാവോയിസ്റ്റുകളെയാണ്. പുരോഗമന പ്രസ്ഥാനങ്ങളെ തകർക്കാനുള്ള ശ്രമമാണെങ്കിൽ അതിനു പിന്തുണ നൽകാൻ അവർ ഓടിയെത്തും എന്നാൽ, വേട്ടയാടപ്പെട്ടാൽ തിരിഞ്ഞു നോക്കില്ല. ഇന്നു സാമൂഹിക പ്രസക്തിയുള്ള കാര്യങ്ങൾ കവിതയ്ക്കും കഥയ്ക്കും വിഷയമല്ലാതായിരിക്കുന്നു. സാംസ്കാരിക പ്രവർത്തകരെ ശിഥിലീകരണത്തിനുള്ള ചട്ടുകമാക്കാനാണു സാമ്രാജ്യത്വ ശക്തികൾ ശ്രമിക്കുന്നത്."

അരുന്ധതി ഒരു ഇംഗ്ലീഷ് വാരികയിൽ എഴുതിയ 32 പേജ് വരുന്ന ലേഖനമാണു പിണറായിയുടെ പരാമർശങ്ങൾക്കു പ്രേരണ. ലേഖനം വായിച്ചിട്ടാണു സഖാവ് ഈ അഭിപ്രായ പ്രകടനം നടത്തിയതെങ്കിൽ അതു കഷ്ടമാണ്അ. വായിക്കാതെ, ഏതെങ്കിലും രാജാവിനെക്കാൾ വലിയ രാജഭക്തൻ തയ്യാറാക്കിക്കൊടുത്ത അഭിപ്രായം ഏറ്റു പറയുകയാണെങ്കിൽ, അത് അതിനേക്കാൾ കഷ്ടമാണ്.

ഛത്തീസ്ഗഢിലെ ദണ്ഡകാരണ്യവനത്തിൽ, മാവോയിസ്റ്റുകളോടൊപ്പം ഏതാനും ദിവസങ്ങൾ ചെലവിട്ട് അരുന്ധതി റോയി എഴുതിയതാണു ലേഖനം. ആദിവാസികളുടെ അവസ്ഥ പരിതാപകരമാണെന്നു മനസ്സിലാക്കാൻ ആരുടെയും ലേഖനങ്ങൾ വേണ്ട. മുൻപിലും പിൻപിലും ദാരിദ്ര്യം, ഒരു വശത്ത് വ്യവസായികളും അവർക്ക് ഒത്താശചെയ്യുന്ന ഗവണ്മെന്റും മറുവശത്ത് വിലപേശുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന മാവോയിസ്റ്റുകൾ. ഇതുവരെ കിട്ടിയ വിവരങ്ങൾ വച്ച് ആരും പുണ്യവാളന്മാരല്ല. അതുകൊണ്ട്, കൊടുങ്കാട്ടിൽ മാവോയിസ്റ്റുകളോടൊപ്പം കിലോമീറ്ററുകൾ നടക്കുകയും അവരുടെ ഭക്ഷണം പങ്കിടുകയും അവരുടെ ധൂലി പുതച്ച് ഉറങ്ങുകയും അവരുടെ പ്രവർത്തനങ്ങൾ നേരിൽക്കാണുകയും ചെയ്തതായി അവകാശപ്പെട്ട് അരുന്ധതി രേഖപ്പെടുത്തിയ വിവരങ്ങൾ അസത്യജഡിലമായ 'മാവോ' ആണെന്നും സാമ്രാജ്യത്വ ശക്തികൾക്കു നാളെ മുതൽ ദോശ ചുടാൻ ചട്ടുകമായി അരുന്ധതി സ്വയം വിൽപനയ്ക്കു വച്ചിരിക്കുകയാണെന്നും വിശ്വസിക്കാനാണ് എനിക്കും താൽപര്യം. സത്യം പറയാമല്ലോ, അങ്ങനെയൊക്കെ വിശ്വസിക്കുമ്പോൾ ഒരു മനസ്സമാധാനമുണ്ട്. എന്നിട്ടും, അരുന്ധതിയുടെ വാക്കുകൾ, ഉറക്കം കെടുത്തുന്നു. തെരഞ്ഞെടുപ്പുകൾ പ്രഹസനങ്ങളാണെന്നും പാർലമെന്റ് ഒരു പന്നിക്കൂടാണെന്നും പ്രചരിപ്പിച്ച് ഇന്ത്യൻ ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്ന ദുഷ്ടശക്തികളാണു മാവോയിസ്റ്റുകൾ എന്ന മുൻവിധിയോടെതന്നെ ലേഖനം വായിച്ചു തുടങ്ങാം. മധ്യഭാരതത്തിലെ ആദിവാസികൾക്കു ചരിത്രത്തിലുടനീളം ബ്രിട്ടീഷുകാർക്കും ജമീന്ദാർമാർക്കും പലിശക്കാർക്കും എതിരെ നടത്തേണ്ടി വന്ന രക്തദൂഷിതമായ ചെറുത്തുനിൽപുകളുടെ കഥകളും പശ്ചിമബംഗാളിലെ നക്സൽബാരി ഗ്രാമത്തിലും സ്വതന്ത്രഇന്ത്യയിൽ ഭരണകൂടത്തിനെതിരായി നടന്ന ആദ്യ സമരത്തിൽ ആദിവാസികളുടെ നെടുനായകത്വവും നക്സൽചരിത്രം ഇന്ത്യാ ഗവണ്മെന്റ ഈ ജനസമൂഹത്തെ പ്രാന്തവൽക്കരിക്കാൻ പ്രേരണയായി എന്ന നിരീക്ഷണവുമെല്ലാം നമുക്ക് എഴുതിത്തള്ളാം. ആദിവാസി ഭൂമിയെ സർക്കാർ ഭൂമിയായി ഏറ്റെടുക്കുന്ന ഇന്ത്യൻ ഭരണഘടന പാർലമെന്റിൽ അംഗീകരിക്കപ്പെട്ട ദിവസം ആദിവാസി ചരിത്രത്തിലെ ദുർദിനമായിരുന്നു എന്ന സത്യത്തിനുനേരെ പക്ഷേ, കണ്ണടയ്ക്കാൻ സാധിക്കുകയില്ല. ഒറ്റരാത്രികൊണ്ട്, മുഴുവൻ ആദിവാസികളും സ്വന്തം മണ്ണിൽ കയ്യേറ്റക്കാരായി മാറി. വനവിഭവങ്ങൾ ശേഖരിക്കാനുള്ള അവരുടെ പരമ്പരാഗത അവകാശം നിഷേധിക്കപ്പെട്ടു. ഒരു ജീവിത രീതി തന്നെ കുറ്റകരമായി പ്രഖ്യാപിക്കപ്പെട്ടു. വോട്ടവകാശത്തിനു പ്രതിഫലമായി ജീവിതമാർഗ്ഗത്തിനും അന്തസ്സിനുമുള്ള അവരുടെ അവകാശങ്ങളാണ് കവർന്നെടുക്കപ്പെട്ടത്. അരുന്ധതി ഈ എഴുതിയതത്രയും സത്യങ്ങളാണ്.

അരുന്ധതി എഴുതുന്നു: ആ വിധം കുടിയിറക്കത്തിനും ദാരിദ്ര്യത്തിന്റെ ഒരു ചുഴിയിലേക്ക് തന്ത്രപൂർവ്വം അവരെ തള്ളിയിടുന്നതിനും ശേഷം ഗവണ്മെന്റ് ആ പാവങ്ങളുടെ പട്ടിണി തന്നെ അവർക്കെതിരെയുള്ള ആയുധമായി ഉപയോഗിച്ചു. ഓരോ തവണയും ഒരു വലിയ ജനവിഭാഗത്തെ കുടിയിറക്കേണ്ടി വരുമ്പോഴൊക്കെ അണക്കെട്ടുകൾക്കും ജലസേചന പദ്ധതികൾക്കും ഖനികൾക്കും വേണ്ടി ഭരണകൂടം ആദിവാസികളെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനെക്കുറിച്ച് രാജ്യത്തിനകത്ത് സ്വന്തം മണ്ണിൽ നിന്നു കുടിയൊഴിക്കപ്പെട്ട, രാജ്യപുരോഗതിയുടെ അഭയാർത്ഥികളായ ദശലക്ഷക്കണക്കിനാളുകൾ (വൻകിട അണക്കെട്ടുകൾക്കു വേണ്ടി മാത്രം 3 കോടി ജനങ്ങൾ) ബഹുഭൂരിപക്ഷവും ആദിവാസികളാണ്. ഗവണ്മെന്റ് ആദിവാസി ക്ഷേമത്തെക്കുറിച്ചു സംസാരിച്ചു തുടങ്ങുമ്പോൾ,

വ്യാകുലപ്പെടാൻ നേരമായി.

ആദിവാസി ക്ഷേമതാൽപര്യത്തിന്റെ ഏറ്റവും ഒടുവിലത്തെ പ്രകടനം കേന്ദ്ര ആഭ്യന്തര മന്ത്രി പി. ചിദംബരത്തിന്റെ, ആദിവാസികൾ കാഴ്ചബംഗ്ലാവ് സംസ്കാരത്തിൽ തുടരാൻ താൻ ആഗ്രഹിക്കുന്നില്ലെന്ന പ്രസ്താവനയാണ്. പ്രമുഖ ഖനന കമ്പനികളുടെ താൽപര്യങ്ങൾ സംരക്ഷിച്ചിരുന്ന കോർപ്പറേറ്റ് അഭിഭാഷകനായായിരുന്ന കാലത്തൊന്നും ആദിവാസികളുടെ ക്ഷേമത്തിൽ ചിദംബരത്തിന് ഇത്രയേറെ ഉൽക്കണ്ഠ കണ്ടിട്ടില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ പുതിയ ഉൽക്കണ്ഠയുടെ കാരണമന്വേഷിക്കുകയെന്നത് വെറുതെയാവില്ല. കഴിഞ്ഞ അഞ്ചോ ആറോ വർഷങ്ങൾക്കിടെ, ഛത്തീസ്ഗഡ്, ജാർഖണ്ഡ് , ഒറീസ, പശ്ചിമബംഗാൾ, ഗവണ്മെന്റുകൾ വിവിധ വ്യവസായ സ്ഥാപനങ്ങളുമായി ഏറെയും രഹസ്യമായ നൂറുകണക്കിന് ധാരണാപത്രങ്ങളാണ് ഡോളറിൽത്തന്നെ ശതകോടികൾ വരുന്ന ഉരുക്ക്, ഇരുമ്പ്, അലൂമിനിയം ഫാക്ടറികൾക്കും വൈദ്യുതി, അണക്കെട്ട്, പദ്ധതികൾക്കും ഖനികൾക്കുമായി ഒപ്പുവെച്ചത്. ധാരണാപത്രം പത്രങ്ങളെ പണമായി പരിഭാഷപ്പെടുത്താൻ ആദിവാസികളെ നീക്കം ചെയ്തേ തീരൂ. ഈ യുദ്ധം അതുകൊണ്ടാണ്.

അരുന്ധതി റോയിയുമായി ഞാൻ ഒരിക്കലേ സംസാരിച്ചിട്ടുള്ളൂ. എട്ടുപത്ത് വർഷം മുമ്പ്, പത്രപ്രവർത്തകയായി അവരെ ഇന്റർവ്യൂ ചെയ്തപ്പോൾ. എന്നെപ്പോലെയുള്ള കഴുതകളെ മനശാസ്ത്രപരമായി കൈകാര്യം ചെയ്യാൻ സമർത്ഥനായിരുന്നു അന്നത്തെ ന്യൂസ് എഡിറ്റർ ക്രിസ് തോമസ്. അദ്ദേഹം ഒരു ദിവസം രാവിലെ ഫോൺ ചെയ്തു. അരുന്ധതി റോയ് കോട്ടയത്തുണ്ട്. വാർത്ത നമുക്ക് മിസ്സായി. മാതൃഭൂമിക്ക് എക്സ്ക്ലൂസിവായി കിട്ടുകയും ചെയ്തു. ഇന്ന് രാവിലെ മുതൽ അവരെക്കാണാൻ നമ്മുടെയാളുകളെ പലരേയും വിട്ടു. ഒരു രക്ഷയുമില്ല. ഇതെന്റെ അഭിമാനപ്രശ്നമാണ്. ഇന്ന് വൈകീട്ട് താൻ വരുമ്പോൾ ഇന്റർവ്യൂവും കൊണ്ടേ വരാവൂ... മറ്റെല്ലാവരും ശ്രമിച്ച് പരാജയപ്പെട്ടെന്നതു കേട്ടനിമിഷം ഞാനായ കഴുത ചാടിപ്പുറപ്പെട്ടു. അരുന്ധതി റോയിയുമായി ബന്ധപ്പെട്ട എല്ലാ വാർത്തകളും അന്ന് മാതൃഭൂമിക്ക് ഫോട്ടോഗ്രാഫർ സുനിൽകുമാർ വഴിയായിരിക്കാം, എക്സ്ക്ലൂസിവായിരുന്നു. സുനിൽ അന്ന് കോട്ടയത്തെതാരം. അരുന്ധതിയുടെയും അമ്മ മേരിറോയിയുടെയും അടുത്ത മിത്രം. എനിക്ക് അവരെ പരിചയമില്ല. പരിചയമുള്ള ആരുടെയും സഹായം ചോദിച്ചതുമില്ല. നമ്മുടെ പത്രത്തിന്റെ പേരുകേട്ടാൽ തുറക്കാത്ത ഏത് വാതിലാണ് കോട്ടയത്ത്? അന്ന് രാത്രി ഞങ്ങളുടെ പത്രമുടമയുടെ വീട്ടിലാണ് അരുന്ധതിയുടെ അത്താഴമെന്നുകൂടി കേട്ടപ്പോൾ ആത്മവിശ്വാസം ഇരട്ടിച്ചു. പക്ഷെ, അത്താഴം വേറെ അഭിമുഖം വേറെ. നോ ഇന്റർവ്യൂ എന്ന് റിസീവർ എന്റെ ചെവിക്കല്ല് പൊട്ടിച്ചു. അരുന്ധതിറോയിയോട് ബഹുമാനം തോന്നിയത് കൃത്യമായും ആ നേരം മുതലാണ്. ഞാൻ ലേശം വിയർത്തു. പത്രപ്രവർത്തകയെന്ന നിലയിൽ എന്റെ മാനം നഷ്ടപ്പെട്ടാലോ എന്ന ടെൻഷനായി. പിന്നെ വാശിയായി. അങ്ങിനെ കോർപ്പസ് ക്രിസ്റ്റിയിലേക്ക് നേരിട്ട് ചെന്നു. ഒരു ഞുണുക്ക് വിദ്യയിൽ അടഞ്ഞ വാതിൽ തുറന്നു, അകത്ത് കയറിപ്പറ്റി. അഭിമുഖം തരപ്പെടുത്തി.

അതിന് മുമ്പേ ഞാൻ അരുന്ധതിയെ പല ആവർത്തി വായിച്ച് കഴിഞ്ഞിരുന്നു. അരുന്ധതിയെ വായിക്കാതിരിക്കാൻ അന്ന് എളുപ്പമായിരുന്നില്ല. കോട്ടയത്ത് കോർപ്പസ്ക്രിസ്റ്റിയെന്ന (പിൽക്കാലത്ത് പള്ളിക്കൂടം) സ്കൂൾ സ്ഥാപിക്കുകയും ക്രിസ്ത്യൻ സ്ത്രീകളുടെ പിന്തുടർച്ചാവകാശത്തിന് വേണ്ടി ദീർഘകാലം കേസ് നടത്തുകയും ചെയ്ത മേരിറോയിയുടെ മകൾക്ക് ബുക്കർ സമ്മാനം കിട്ടിയത്. മീനച്ചലും അയ്മനവും അരുന്ധതിയും നോക്കുന്നിടത്തെല്ലാം നിറഞ്ഞു. ഗോഡ് ഒഫ് സ്മോൾ തിംഗ്സ് എന്റെ അനുജത്തി താരയ്ക്ക് പ്രിയപ്പെട്ടതായി. ചില ഭാഗങ്ങളൊക്കെ എനിക്കു മന:പാഠവും. കാരണം അതിലെ റാഹേലിന്റെയും എസ്തയുടെയും ജീവിതം ഞങ്ങളുടേത് കൂടിയായിരുന്നു. ഞാനും അവളും അംബാസഡർ ഇ. പെൽവിസുമായി ജീവിച്ചിട്ടുണ്ട്. ഇരട്ടകളല്ലാതിരുന്നിട്ടും അവളുടെ സ്വപ്നത്തിന്റെ പാതി ഞാനും എന്റെ മുറിവുകളുടെ പകുതി അവളും അറിഞ്ഞിട്ടുണ്ട്.

"...Ammu turned back to Estha and Rahel and her eyes were blured jewels.

'Everybody says that children need a baba and say no. Not my children. D'you know why?'

Two heads nodded.

'Why tell me?' Ammu said.

And not together, but almost Estapan and Rahel said: 'Because you're our Ammu and our Baba and you love us Double'.

'More than Double', Ammu said.

'So remember what I told you. People's feelings are precious. And when you disobey me in Public, everybody gets the wrong impression."

ഈ വരികൾ വായിക്കുമ്പോഴൊക്കെ എന്റെ ഹൃദയം വിങ്ങി. കണ്ണുനീർ കാരണം വൈരങ്ങൾ പോലെ തിളങ്ങുന്ന രണ്ട് കണ്ണുകൾ ഞാനെത്രയോ മുമ്പേ കണ്ടുകഴിഞ്ഞു. അച്ഛനും അമ്മയും പകരം ഒരാൾ മാത്രമുള്ള കുട്ടികളുടെ ഹൃദയമിടിപ്പ് എനിക്കറിയാം. ഇരട്ടി സ്നേഹത്തിന്റെ വലിപ്പവും തീവ്രതയും എനിക്കറിയാം. ഞാൻ വന്നത് അതേ വഴികളിലൂടെയാണ്. റിലേ മത്സരത്തിൽ എഴുത്തുകാരനേക്കാൾ മുമ്പേ ഫിനിഷിംഗ് പോയിന്റിലെത്തി ബാറ്റനുവേണ്ടി കാത്തുനിൽക്കുന്നവനാണ് നല്ല വായനക്കാർ. വഴിയിലെ കല്ലുകളും മുള്ളുകളും കുഴികളും ഇരുമ്പാണികളുമൊക്കെ അബോധമനസ്സിൽ രഹ്യഭാഷയിൽ രേഖപ്പെടുത്തി അവർ കാത്തുനിൽക്കുകയാണ്. ആ രഹസ്യഭാഷയെ പരിഭാഷപ്പെടുത്തുകമാത്രമേ എഴുത്തുകാർ ചെയ്യേണ്ടതുള്ളൂ. എഴുത്തിന്റെ ഉന്മാദത്തെ സഫലമാക്കുന്നതും രക്തമൊലിപ്പിക്കുന്ന മുറിവുകളെ സാർത്ഥകമാക്കുന്നതും വായനക്കാരുടെ ഹൃദയങ്ങളാണ്. രചനയുടെ മൂല്യം അതിന്റെ വായനക്കാരുടെ അനുഭവങ്ങളുടെ ആഴമാണ്. അരുന്ധതി ജാതിയെക്കുറിച്ചെഴുതി. മലയാളികൾ അതിനെ കുട്ടിക്കഥയായി സ്വീകരിച്ചു. സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ അരുന്ധതിയുടെ നോവലിൽ നിന്ന് കമ്മ്യൂണിസത്തെയും ക്യാപിറ്റലിസത്തേയും പിഴിഞ്ഞെടുക്കാൻ ശ്രമിച്ചു. ഭാഷയേയും ആത്മകഥാംശത്തേയും അവഹേളിച്ചു. പക്ഷെ അപ്പോഴും പുസ്തകം ഉന്നയിച്ച യഥാർത്ഥ പ്രശ്നം- ആര് ആരെ സ്നേഹിക്കണമെന്നും എത്രത്തോളം സ്നേഹിക്കണമെന്നും മറ്റാരോ തീരുമാനിക്കുന്നതിന്റെ അസംബന്ധ യാഥാർത്ഥ്യം- അവഗണിച്ചു.

മുഖത്തോടു മുഖം സംസാരിച്ചപ്പോൾ എനിക്ക് അരുന്ധതിയെ ഇഷ്ടപ്പെട്ടു. അരുന്ധതിയുടെ ആശയങ്ങളും അവ

പ്രകടിപ്പിച്ച വാക്കുകളും ഉൾക്കൊള്ളാൻ പ്രയാസമുണ്ടായില്ല. അണക്കെട്ടുകളെയും ആദിവാസികളെയും കുറിച്ച്, മീനച്ചലാറിനെയു അയ്മനത്തെയും കുറിച്ച് അവർ വിശദമായി സംസാരിച്ചു. വളരെ പതിഞ്ഞ ശബ്ദവും ഭാവമാറ്റങ്ങളില്ലാത്ത മുഖവുമാണ് അരുന്ധതിയെക്കുറിച്ചുള്ള എന്റെ ഓർമ്മ. ഗോഡ് ഒഫ് സ്മോൾ തിങ്സിലെ റാഹേലിനെക്കുറിച്ച് ലാറിയുടെ അനുഭവമാണ് എനിക്കുമുണ്ടായത്. മുമ്പലിരിക്കുന്നയാളുടെ കണ്ണുകളിലൂടെ മറ്റാരോ നോക്കുന്നു, സൂക്ഷമായി നിരീക്ഷിക്കുന്നു എന്ന അനുഭവം. ആ മറ്റാരോ സാമ്രാജ്യത്വ ശക്തികളുടെ ചട്ടുകമാണോ എന്നെനിക്കു തീർച്ചയില്ല. അവർ ജോർജ്ജ് ബുഷിനോ അതിന് ശേഷം ബറാക്ക് ഒബാമയ്ക്കോ എസ്.എം.എസ് അയയ്ക്കുന്നുണ്ടോ എന്നോ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് സി.ഐ.എ ഡോളർ അയയ്ക്കുന്നുണ്ടെന്നോ ഇന്ന് തീർച്ചയില്ല. ഒന്നുമാത്രമറിയാം അവർക്ക് അഭിപ്രായ സ്ഥിരതയുണ്ട്. ഇക്കാലമത്രയും അവർ പറഞ്ഞത് ഒരേ കാര്യം തന്നെയാണ്

നർമ്മദയിലെ ആദ്യത്തെ അണക്കെട്ടിനെക്കുറിച്ച് അവർ പറഞ്ഞതോർമയുണ്ട്. 1991ൽ പണി പൂർത്തിയായ ആദ്യത്തെ അണക്കെട്ട്. 101 ഗ്രാമങ്ങളിലെ എഴുപതിനായിരം പേരെ മാത്രമേ കുടിയൊഴുപ്പിക്കേണ്ടിവരൂ എന്നായിരുന്നു സർക്കാർ ആദ്യം പറഞ്ഞത്. പക്ഷെ പെട്ടെന്നൊരു ദിവസം സർക്കാർ റിസർവോയർ നിറച്ചപ്പോൾ മുങ്ങിപ്പോയത് 162 ഗ്രാമങ്ങളാണ്. 1.14 ലക്ഷം പേർക്ക് വീട് നഷ്ടപ്പെട്ടു. പത്തു വർഷത്തിനു ശേഷം അണക്കെട്ട് പണിയുമ്പോൾ വാഗ്ദാനം ചെയ്തതിന്റെ അഞ്ചു ശതമാനം പ്രദേശത്തു മാത്രമേ അത് വെള്ളമെത്തിച്ചുള്ളൂ. ഇന്ത്യയിൽ 36,000 വലിയ അണക്കെട്ടുകളുണ്ട്. ഓരോ അണക്കെട്ടും ശരാശരി 4400 പേരെ കുടിയൊഴുപ്പിച്ചു. അങ്ങിനെ കുടിയൊഴിപ്പിക്കപ്പെട്ട മൂന്നു കോടിയിലേറെപേർ എവിടേക്കാണ് അലിഞ്ഞുപോയത്? ആർക്കുമറിയില്ല.അവർ ദളിതരും ആദിവാസികളുമാണ്. പേരില്ലാത്തവർ, മുഖമില്ലാത്തവർ, വോട്ടു ചെയ്യുമ്പോളൊഴികെ ജനാധിപത്യത്തിന്റെ നിലവിലുള്ള ഒരു കാവൽഭടനും ആവശ്യമില്ലാത്തവർ. ഒരാൾ സത്യം പറയുമ്പോൾ അതിൽ അസത്യത്തിന്റെ കലർപ്പുണ്ടോ എന്നതിനേക്കാൾ എന്തുകൊണ്ടയാൾ സത്യം വിളിച്ചുപറയാൻ തീരുമാനിച്ചു എന്ന് വിറളി പിടിക്കുന്ന സാമൂഹ്യവ്യവസ്ഥ പരിതാപകരമാണ്. അരുന്ധതിയോട് അന്നുഞാൻ സംസാരിക്കുമ്പോൾ ആഗോളവത്ക്കരണം പടിവാതിൽക്കലെത്തിയിട്ടേ ഉണ്ടായിരുന്നുള്ളൂ. പക്ഷെ ഇന്നതു വാതിൽ തള്ളിത്തുറന്ന് അകത്ത് പ്രവേശിച്ചുകഴിഞ്ഞു. അരുന്ധതിയുടെ' എന്റെ കണ്ണ് തുറന്നുപോയി. ഇനിയതു അടക്കാൻ കഴിയില്ല. എനിക്ക് ഇത്തരം കാര്യങ്ങളിൽ ഇടപെടാനും അവയാൽ വേട്ടയാടപ്പെടാനും യാതൊരു താത്പ്പര്യവുമില്ല. പക്ഷെ ഞാൻ ചിലതൊക്കെ കണ്ടുപോയി. കണ്ടുപോയതൊക്കെ മനസിൽ നിന്ന് മായ്ച്ചുകളയാൻ ഇനി സാധ്യമല്ലല്ലോ' എന്ന വാക്കുകൾ നമുക്ക് ബാധകമായി കഴിഞ്ഞു.

അരുന്ധതിയുടെ മാവോയിസ്റ്റുകളോടൊപ്പമുള്ള ദിവസങ്ങളിലേക്ക്. ദണ്ഡേവാഡയിലേക്കുള്ള 10 മണിക്കൂർ യാത്രയിൽ റായ്പൂരിന് സമീപം, നമ്മുടെ ആഭ്യന്തര മന്ത്രി സേവനമനുഷ്ടിച്ചിരുന്ന വേദാന്ത കമ്പനിയുടെ ക്യാൻസർ ആശുപത്രിയുടെ ബോർഡ്. കർണ്ണാടകയിൽ ഈയിടെ പുറത്തിറക്കിയ ലോകായുക്ത റിപ്പോർട്ടിൽ ഒരു സ്വകാര്യ കമ്പനി ഖനനം ചെയ്യുന്ന ഇരുമ്പയിരിന്റെ ഓരോ ടണ്ണിനും ഗവൺമെന്റിന് ലഭിക്കുന്നത് 27രൂപയും കമ്പനിക്ക് ലഭിക്കുന്നത് 5000 രൂപയുമാണ്. ബോക്സൈറ്റ്-അലൂമിനം രംഗത്ത് സംഖ്യകൾ ഇതിലും ഭീമമാണ്. ശതകോടികണക്കിന് ഡോളർ വരുന്ന പകൽകൊള്ളയെക്കുറിച്ചാണ് നാം സംസാരിക്കുന്നത്. തിരഞ്ഞെടുപ്പുകൾ, ഗവൺമെന്റുകൾ, ജഡ്ജിമാർ, പത്രങ്ങൾ, ടി.വി. ചാനലുകൾ, എൻ.ജി.ഒ സംഘടനകൾ, ദുരിതാശ്വാസ ഏജൻസികൾ എന്നിവയെയൊക്കെ മൊത്തമായി വിലക്കെടുക്കാൻ മാത്രം പണം. വല്ലപ്പോഴും അവിടെയോ ഇവിടെയോ ഒരു ക്യാൻസർ ഹോസിപിറ്റൽകെണ്ട് ആർക്ക് ചേതം. ധാരാണാപത്രം ഒപ്പുവച്ച കമ്പനികളുടെ നീണ്ട പട്ടികയിൽ വേദാന്തയുടെ പേര് കണ്ടതായി താൻ ഓർക്കുന്നില്ല. പക്ഷെ ഒരു ക്യാൻസർ ഹോസിപിറ്റൽ ഉണ്ടെങ്കിൽ മുകളിടിഞ്ഞ ഒരു ബോക്സൈറ്റ് കുന്ന് അടുത്തെവിടെയോ കാണുമെന്ന് സംശയിക്കാൻ അവർ നിർബന്ധിതയാകുന്നു എന്നെഴുതാൻ അർത്ഥശങ്കവേണ്ട. ഇരുമ്പുലക്കകൾ ദഹിപ്പിക്കാൻ നൽകുന്ന ചുക്കുവെള്ള തുള്ളികൾ കേരളത്തിലും നാം ഏറെ കുടിച്ചുകഴിഞ്ഞു.

ആദിവാസികൾക്കിടയിൽ മാവോയിസ്റ്റുകൾ വേര് പിടിച്ചത് അവരുടെ ദൈനംദിന പ്രശ്നങ്ങളിൽ സഹായ ഹസ്തം നീട്ടിക്കൊണ്ടാണെന്ന് അരുന്ധതി എഴുകതുന്നു. ബീഡി ഉണ്ടാക്കാനുള്ള തെൻഡു ഇലകൾ ശേഖരിക്കുകയായിരുന്നു ആദിവാസികളുടെ ഒരു ജീവിതമാർഗ്ഗം. അമ്പത് ഇലകളുള്ള കെട്ടിന് മൂന്ന് പൈസയാണ് വില. പീപ്പിൾസ് വാർഗ്രൂപ്പ് ജനങ്ങൾക്കിടയിൽ വേരുപിടിച്ചത് ഇലകൾക്ക് കൂടുതൽ കൂലി നേടിയെടുത്തപ്പോഴാണ്. നിരന്തര സമരത്തെ തുടർന്ന് ഇന്നിപ്പോൾ ഒരു രൂപയാണ് വില. കരാറുകാർക്ക് ഇലകൾ ശേഖരിക്കാൻ ഗവൺമെന്റ് ടെണ്ടർ വിളിക്കും. ഏതാണ്ട് ആയിരം കെട്ടുകൾ വീതമുള്ള 1500 മുതൽ 5000 വരെ സഞ്ചികൾക്കാണ് ടെണ്ടർ. ഇലകൾ വിപണിയിലെത്തുന്നത് മുതൽ കെട്ടുകളോ സഞ്ചികളോ ഇല്ല. കിലോ കണ്ക്ക് മാത്രം. ഏറ്റവും മിതമായ കണക്ക് പ്രകാരം ഓരോ ബാഗിനും 1100 രൂപ വീതം കറാറുകാരന് ലാഭം കിട്ടുന്നു. അങ്ങിനെ നോക്കുമ്പോൾ 1500 സഞ്ചികൾക്ക് ടെണ്ടർ പിടിച്ച ഏറ്റവും ചെറിയ കരാറുകാരന് പോലും ഒരു സീസണിൽ കിട്ടുന്ന ലാഭം 16 ലക്ഷമാണ്. വലിയകാരാറുകാരന് 55 ലക്ഷം വരെയും. ഇതേസമയം, ഇന്ത്യാ ഗവൺമെന്റ് ഏറ്റവും ഭീകരമായ ആന്തരസുരക്ഷാഭീഷണി എന്ന് വിശേഷിപ്പിക്കുന്ന ആദിവാസികൾക്ക് കിട്ടുന്നതാകട്ടെ കഷ്ടിച്ച് ജീവൻ നിലനിർത്താൻ മാത്രമുള്ള തുക. ഇതുതന്നെയാണ് പേപ്പർമില്ലുകൾക്ക് നൽകുന്ന മുളയുടെ കഥയും. ആദിവാസികൾക്ക് ലഭിച്ചത് തുച്ഛമായ തുട്ടുകൾ. ഇടനിലക്കാരും വ്യവസായികളും തട്ടിയെടുത്തത് ലക്ഷങ്ങൾ. പാർട്ടി സമരത്തെ തുടർന്ന് കൂലി കൂട്ടി. അതൊക്കെ ആദിവാസികളെ പാർട്ടിയിലേക്കാർഷിച്ചു.

തുടക്കത്തിൽ അവർ നേരിട്ടിരുന്ന ഏറ്റവും ഭീഷണി വല്യേട്ടൻ ഭൂസ്വാമിയായ വനംവകുപ്പിൽ നിന്നായാരുന്നു. ദിവസവും രാവിലെ ഉദ്യോഗസ്ഥർ ഗ്രാമത്തിലെത്തി. ആളുകൾ നിലമുഴുന്നതും വിറക് ശേഖരിക്കുന്നതും ഇലയൊടിക്കുന്നതും പഴങ്ങൾ ശേഖരിക്കുന്നതും കന്നുകാലികളെ അഴിച്ചുവിടുന്നതും തടഞ്ഞു. ആനകളെ കൊണ്ടുവന്ന് വിളകൾ നശിപ്പിക്കുകയും പാടങ്ങളിൽ ബബൂൽ വിത്തുകൾ വിതറി മണ്ണിനെ കൊല്ലുഅകയും ചെയ്തു. ആദിവാസികൾ

(തുടർച്ച പേജ് 23ൽ)

കുപ്പിനും ആദായകരമാകുന്നുമാത്ര മല്ല ജനങ്ങൾക്ക് ഈ എക്കോപദ്ധതിയിൽ നിന്നും വർഷാവർഷം എഴുപത്തെട്ടുകോടി രൂപയോളം വരുന്ന, ഗുണഗണങ്ങൾ ലഭിക്കുകയും ചെയ്യും. ഹരിതബജറ്റ് വിഭാവനം ചെയ്യുന്ന നമ്മുടെ ധനമന്ത്രിക്ക് വലിയ ആശ്വാസമായിരിക്കും ഈ ധനാഗമമാർഗ്ഗം.

ഇത്രയും ചർച്ച ചെയ്തതിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന വസ്തുത വളന്തക്കാട് പദ്ധതി വേണമോ വേണ്ടയോ എന്ന സംശയമല്ല, മറിച്ച്, ഈ മേഖലയിലെ ജൈവവൈവിദ്ധ്യം തകർത്ത് കൊണ്ടുള്ള യാതൊരു വികസനപദ്ധതികളെയും കുറിച്ച് ആലോചന പോലും പാടില്ല എന്ന വസ്തുനിഷ്ഠമായ കണ്ടെത്തലാണ്. സാധാരണ ജനത്തെ സംബന്ധിച്ചിടത്തോളം ഈ വളന്തക്കാട്-മരട്ദ്വീപുമേഖല ഉപജീവനത്തിന്റെയും പ്രകൃതിരക്ഷയുടെയും വിളനിലമാണ്. പൊതുജന നന്മയെ നിരാകരിച്ചുകൊണ്ടുള്ള ഹൈടെക് സിറ്റിപോലുള്ള വികസന സംരംഭങ്ങൾ സാമൂഹ്യസാമ്പത്തിക പരിപ്രേക്ഷ്യത്തിൽ ദ്വിഗുണീകൃത നഷ്ടമാണ് നടത്തിവരുന്നത്. അവരുടെ ഉപജീവനമാർഗ്ഗം അടയുന്നതോടൊപ്പം സാധാരണക്കാർക്ക് നേരിട്ട് ഒരു ഗുണവുമുണ്ടാകാത്ത സമുച്ചയ സംരംഭം എന്തു വികസന സ്വപ്നമാണ് മുന്നോട്ടുവെയ്ക്കുന്നത്? നിർമ്മിതിയുടെയും പ്രചരണത്തിന്റെയും പേരിൽ അരങ്ങേറാനിരിക്കുന്ന പൊതുഭരണത്തിലേയും സാമൂഹ്യരംഗത്തേയും അഴിമതികൾ വേറെ. കേരളത്തിലെ സാമ്പത്തിക രംഗത്തെ ചീഞ്ഞുനാറിക്കൊണ്ടിരിക്കുന്ന കറുത്തപണത്തിന്റെ തോത് ഇത്തരം വൻപദ്ധതികൾ കാരണം കൂടുകയേയുള്ളൂ. ഇത് പൊതുരംഗത്ത് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കിയേക്കും.

ആയതുകൊണ്ട് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ആഹ്വാനം ചെയ്യുന്നത് നിലവിലിരിക്കുന്ന നിയമങ്ങളേയും നിയന്ത്രണങ്ങളേയും കാറ്റിൽ പറത്തിക്കൊണ്ട് സർക്കാർ ഇത്തരമൊരു വികസനസംരംഭത്തിനുവേണ്ടി വളന്തക്കാട്ടെ പരിസ്ഥിതിമേഖലയെ ബലിയാടാക്കരുതെന്നാണ്.

(പരിഭാഷ: കെ.ആർ. അജിതൻ)

---

(പേജ് 39ൽ നിന്നും തുടർച്ച)

മർദ്ദിക്കപ്പെടുകയും അറസ്റ്റ് ചെയ്യപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്തു. വനംവകുപ്പ് ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം ഈ ജനക്കൂട്ടം അനധികൃതമായി സർക്കാർ ഭൂമി കൈയേറി ഭരണഘടനാ വിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്നവരും തങ്ങൾ നിയവാഴ്ച പുനസ്ഥാപിക്കുന്നവരുമായിരുന്നു. വനത്തിലെ കഷ്ടപ്പാടുകൾ മറക്കാൻ അവർക്ക് ആകെയുണ്ടായിരുന്നത് ആദിവാസി സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിത അതിക്രമങ്ങളും. ഉദ്യോഗസ്ഥരെ നിലയ്ക്ക് നിറുത്തി 1986 മുതൽ രണ്ടായിരമാണ്ട് വരെയുള്ള ഭൂമിയുടെ പുനർവിതരണം നടത്തിയത് മാവോയിസ്റ്റുകളാണ്. ദണ്ഡകാര്യണ്യത്തിൽ ഇന്ന് ഭൂമിയില്ലാത്ത കൃഷിക്കിരില്ലെന്നാണ് മാവോയിസ്റ്റുകളുടെ അവകാശവാദം. അരുന്ധതിയുടെ ലേഖനത്തിന്റെ ഒരു ഭാഗം ഇങ്ങിനെ: പാർട്ടി ഇന്നു ദണ്ഡകാര്യണ്യത്തിലെപ്പോലെ വിവാർത്ഥി ആയിരിക്കുവോളം, ജനങ്ങളുടെ സ്നേഹം പിടിച്ചുപറ്റാൻ ശ്രമിക്കുകയും അവരുടെ ഓരോ ആവശ്യവും നിവർത്തിച്ചുകെടുക്കുയും ചെയ്യുന്നിടത്തോളം, അത് യഥാർത്ഥമായും ജനകീയപാർട്ടിയും അതിന്റെ സൈന്യം ജനകീയ സൈന്യവുമാണ്. പക്ഷെ വിപ്ലവത്തിന് ശേഷം ഈ പ്രേമം എത്രയെളുപ്പം കയ്പാർന്ന ദാമ്പത്യമായി തീരാം. ജനകീയ സൈന്യത്തിന് എത്രയെളുപ്പത്തിൽ ജനങ്ങൾക്കെതിരെ തിരിയാം. ഇന്ന് ദണ്ഡകാര്യണ്യത്തിലെ പർവതങ്ങളിലുള്ള ബോക്സൈറ്റ് അവിടെത്തന്നെ സംരക്ഷിക്കാൻ പാർട്ടി ആഗ്രഹിക്കുന്നു. നാളെ, അത് മനസു മാറുമോ?

ദണ്ഡകാരണ്യത്തിലെ കെടുംകാടിനുള്ളിൽ എന്തു നടക്കുന്നുവെന്ന് നമുക്ക് തീർച്ചയില്ല. ഗവൺമെന്റ് പുറത്ത് വിടുന്ന വിവരങ്ങൾ മാധ്യമങ്ങൾ ഏറ്റുപാടുമ്പോൾ എന്താണ് ശരിയെന്നും എന്താണ് തെറ്റെന്നും തീർച്ചയില്ല. അരുന്ധതിയെപ്പോലെ ഒരു എഴുത്തുകാരി ഇത്തരമൊരു സാഹചര്യത്തിന് മുതിരുന്നത് ഇന്ത്യയിൽ ആദ്യത്തെ സംഭവമാണ്. പക്ഷെ ഇൻനെറ്റിൽ ബുദ്ധിജീവികളുടെ പോസ്റ്റുകളിലെല്ലാം അവർക്കെതിരെ എത്രയോ രൂക്ഷവിമർശനങ്ങൾ. വിമർശനങ്ങൾ ഞാൻ തരംതിരിച്ച് നോക്കി. ഒന്ന്, ലേഖനം കാല്പനിക ശൈലിയിലാണ് എഴുതപ്പെട്ടത്, രണ്ട്, സായുധ വിപ്ലവത്തെ സാധൂകരിക്കുന്നു, മൂന്ന് അരുന്ധതിയുടെ കാഴ്ചപ്പാടുകൾ പണ്ടേ വികലങ്ങളാണ്. നാല്, അവർ സാമ്രാജ്യത്വത്തിന് ഒത്താശ ചെയ്യുന്നു- അരുന്ധതിറോയിയുടെ തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാട്ടാൻ പിണറായി വിജയൻ മുതൽ ബുദ്ധിജീവികൾ വരെ എത്ര പേർ ! ഇനി ആരെങ്കിലും സ്വതന്ത്രഭാരതത്തിൽ ആദിവാസികൾ നേരിടുന്ന ചൂഷണത്തെക്കുറിച്ചും സ്വന്തം മണ്ണിൽ നിന്നും പിഴുതെറിയപ്പെടുന്ന അവസ്ഥയുടെ ഭീകരതയെക്കുറിച്ചും വികസനം യഥാർത്ഥത്തിൽ എവിടേക്കാണ് ഈ നാടിനെ നയിക്കുന്നതെന്നതിനെക്കുറിച്ചും കൂടി എന്തെങ്കിലും ഒന്ന് പറയൂ, പ്ലീസ്...

ഇതേ സമയം ദണ്ഡകാരണ്യത്തിൽ ജനകീയ സൈന്യം യുദ്ധം തുടരുകയാണ്. അരുന്ധതിയെ വിമർശിക്കുന്നവരിൽ എത്രപേർ അവിടെ നേരിൽപോയി യഥാർത്ഥ വിവരം ശേഖരിച്ചിട്ടുണ്ടെന്ന് അറിയില്ല. അരുന്ധതിയെ വിശ്വസിച്ചാൽ, ഒരു കൂട്ടം പാവം ജനങ്ങൾ സർവശക്തിയുമെടുത്ത് ചെറുത്ത്നിൽക്കുകയാണ്. ആയുധമെടുത്ത കുട്ടികൾ, സ്ത്രീകൾ, രോഗികൾ. അവർക്ക് മരുന്നുകളില്ല, ഡോക്ടർമാരില്ല, അവരുടെ മനുഷ്യാവകാശ ലംഘനങ്ങൾക്ക് ചെവിയോർക്കാൻ മരങ്ങളും വെടിയൊച്ചകളുമല്ലാതെ ആരുമില്ല. വിദേശരാജ്യങ്ങളിൽ നിന്നും പരിശീലനം നേടിയെത്തുന്ന സൈനികരുടെ മിസൈൽ ആക്രമണത്തിൽ നാളെ അവരോരുത്തരായി ഉന്മൂലനം ചെയ്ത്പ്പെട്ടേക്കാം. അവരുടെ വേരുകൾ പടർന്ന വനങ്ങളിൽ ഈ ഭൂമിയിൽ എല്ലാവരുടെയും ആവശ്യങ്ങൾ സാധിക്കാൻ വേണ്ടതുണ്ട്, ആരുടെയും ദുര ശമിക്കാൻ മാത്രമില്ല എന്ന ഗാന്ധിവാക്യം എത്രശരിയാണെന്ന് തെളിയിച്ച് കോർപറേറ്റ് ഭീമന്മാരുടെ ചില്ലുകൊട്ടാരങ്ങൾ പൊന്തിയേക്കാം. മായ്ച്ചുകളയപ്പെടുന്ന ഒരു കൂട്ടം മനുഷ്യർ. സങ്കൽപ്പിക്കാൻ ബുദ്ധിമുട്ടുള്ള ദൃശ്യം. അരുന്ധതി സാമ്രാജ്യത്വ ശക്തികളുടെ ചട്ടുകമാണെന്ന് വിശ്വസിക്കാൻ ഞാനും ആഗ്രഹിക്കുന്നു. വെറുതേ ഒരു മനസ്സമാധാനത്തിന്.